# കേരള സർവകലാശാല

നം. പി.ആർ.067/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

## സങ്കുചിത ചിന്തകൾക്ക് അതീതമായി സർവകലാശാല പ്രവർത്തനം നടത്തണം.

സങ്കുചിത ചിന്തകൾക്ക് എതിരെ നിലകൊളളുന്ന സ്ഥാപനമായി സർവ കലാശാലയുടെ യശസ്സ് ഉയർത്തുവാനുള്ള സാമൂഹിക ബാധ്യത തനിയ്ക്കു ണ്ടെന്ന് കേരള സർവകലാശാല വൈസ് ചാൻസലർ ഡോ.പി.കെ രാധാകൃ ഷ്ണൻ അറിയിക്കുന്നു. കേരള സർവകലാശാല വിദ്യാർത്ഥി യൂണിയൻ സംഘടിപ്പിക്കുന്ന യുവജനോൽസവ ചടങ്ങിൽ നിന്നും വിട്ടുനിൽക്കേണ്ടി വന്ന സാഹചര്യം വിശദീകരിക്കുകയായിരുന്നു അദ്ദേഹം. സമാദരണീയനായ സംസ്ഥാന മുഖ്യമന്ത്രി പങ്കെടുത്ത ഉദ്ഘാടന ചടങ്ങിൽ നിന്നും അത്യന്തം വേദനയോടെയാണ് വി.സിക്ക് വിട്ടുനിൽക്കേണ്ടിവന്നത്. യുവജനോൽസവ സംഘാടക കമ്മറ്റി രൂപീകരിച്ചതിനെക്കുറിച്ചോ ഉദ്ഘാടനയോഗത്തിന്റെ കാര്യ പരിപാടി നിശ്ചയിച്ചതിനെക്കുറിച്ചോ വി.സിക്ക് യൂണിയൻ ഭാരവാഹികൾ ഒരറി യിപ്പും നൽകിയിരുന്നില്ല. മാത്രമല്ല, സർവകലാശാല നടത്തുന്ന ചടങ്ങിൽ രണ്ടാമത്തെ ആശംസാപ്രസംഗകനായി വി.സിയെ ഉൾപ്പെടുത്തി പ്രോഗ്രാം നോട്ടീസ് വ്യാപകമായി പ്രചരിപ്പിക്കുകയും ചെയ്തു. പ്രോ വൈസ് ചാൻസലറെ ചടങ്ങിൽ ക്ഷണിച്ചതുമില്ല. ഒപ്പം വൈസ് ചാൻസലറെ വ്യക്തി ഹത്യ നടത്തുന്നതിൽ മാത്രം താൽപര്യം കാണിയ്ക്കുന്ന ചിലരെ ആശംസാപ്രസംഗകരാക്കി വേദിയിൽ വച്ച് വി.സിയുടെ സാന്നിദ്ധ്യത്തിൽ അദ്ദേഹത്തെ പ്രോട്ടോകോൾ ലംഘനത്തിലൂടെയും പ്രഭാഷണത്തിലൂടെയും അപമാനിക്കുക എന്നതായിരുന്നു ലക്ഷ്യം. ഇതിനെതിരെ സദസ്സിൽ നിന്ന് പ്രതി ഷേധം ഉയരുമെന്നതിൽ സംശയമില്ല. ബഹുമാന്യനായ മുഖ്യമന്ത്രി പങ്കെടു ക്കുന്ന ചടങ്ങ് അലങ്കോലപ്പെടാതിരിയ്ക്കാനും അവിടെ അനാവശ്യമായ സംഘർഷം ഉണ്ടാകാതിരിയ്ക്കാനുള്ള മുൻകരുതൽ എന്ന നിലക്കാണ് വി.സി യോഗത്തിൽ നിന്നും വിട്ടുനിന്നത്. സർവകലാശാല സിൻഡിക്കേറ്റിലെ പ്രമുഖ പക്ഷത്തെ ചില അംഗങ്ങൾ മറുപക്ഷത്തെ ചിലരുമായി കൂട്ടുചേർന്നാണ് വി.സിക്കെതിരെ നിരന്തരമായി അപഖ്യാതി പറഞ്ഞു പരത്തുന്നത്.

സർവകലാശാലയുടെ സുഗമമായ പ്രവർത്തനത്തിന് കക്ഷിരാഷ്ട്രീ യത്തിന് അതീതമായി എല്ലാവരുടേയും സഹകരണം ഉണ്ടാവണമെന്ന് വൈസ് ചാൻസലർ അഭ്യർത്ഥിച്ചു.

## എൽ.എൽ.ബി പരീക്ഷ

കേരള സർവകലാശാല നടത്തുന്ന ഒന്നാം സെമസ്റ്റർ (ത്രിവത്സരം), അഞ്ചാം സെമസ്റ്റർ എൽ.എൽ.ബി (പഞ്ചവത്സരം - 2011-12-ന് മുമ്പുള്ള അഡ്മിഷൻ - കോമൺ ഫോർ മേഴ്സി ചാൻസ്) പരീക്ഷകൾ ഏപ്രിൽ 27-ന് ആരംഭിക്കും. പരീക്ഷകൾക്ക് പിഴകൂടാതെ ഏപ്രിൽ ആറ് (50 രൂപ പിഴയോടെ ഏപ്രിൽ 10, 125 രൂപ പിഴയോടെ ഏപ്രിൽ 12) വരെ ഫീസടച്ച് അപേക്ഷിക്കാം. മേഴ്സി ചാൻസ് വിദ്യാർത്ഥികൾ പരീക്ഷാഫീസിന് പുറമേ മേഴ്സി ചാൻസ് ഫീസായി 2000 രൂപയും സി.വി.ക്യാമ്പ് ഫീസായി 200 രൂപയും അടക്കണം.

കേരള സർവകലാശാല നടത്തുന്ന രണ്ടാം സെമസ്റ്റർ, നാലാം സെമസ്റ്റർ എൽ.എൽ.ബി (പഞ്ചവൽസരം – 2011–12–ന് മുമ്പുള്ള അഡ്മിഷൻ – കോമൺ ഫോർ മേഴ്സി ചാൻസ്) പരീക്ഷകൾ യഥാക്രമം മെയ് 8,15 തീയതികളിൽ ആരംഭിക്കും. പരീക്ഷകൾക്ക് പിഴകൂടാതെ ഏപ്രിൽ ആറ് (50 രൂപ പിഴയോടെ ഏപ്രിൽ 10, 125 രൂപ പിഴയോടെ ഏപ്രിൽ 12) വരെ ഫീസടച്ച് അപേക്ഷിക്കാം. മേഴ്സി ചാൻസ് വിദ്യാർത്ഥികൾ പരീക്ഷാഫീസിന് പുറമേ മേഴ്സി ചാൻസ് ഫീസായി 2000 രൂപയും സി.വി.ക്യാമ്പ് ഫീസായി 200 രൂപയും അടക്കണം.

കേരള സർവകലാശാല നടത്തുന്ന മൂന്നാം സെമസ്റ്റർ(ത്രിവത്സരം), ഏഴാം സെമസ്റ്റർ എൽ.എൽ.ബി (പഞ്ചവൽസരം – 2011–12–ന് മുമ്പുള്ള അഡ്മിഷൻ – കോമൺ ഫോർ മേഴ്സി ചാൻസ്) പരീക്ഷകൾ ഏപ്രിൽ 17–ന് ആരംഭിക്കും. പരീക്ഷകൾക്ക് പിഴകൂടാതെ ഏപ്രിൽ നാല് (50 രൂപ പിഴയോടെ ഏപ്രിൽ ആറ്, 125 രൂപ പിഴയോടെ ഏപ്രിൽ ഏഴ്) വരെ ഫീസടച്ച് അപേക്ഷിക്കാം. മേഴ്സി ചാൻസ് വിദ്യാർത്ഥികൾ പരീക്ഷാഫീസിന് പുറമേ മേഴ്സി ചാൻസ് ഫീസായി 2000 രൂപയും സി.വി.ക്യാമ്പ് ഫീസായി 200 രൂപയും അടക്കണം.

## ബി.എ/ബി.കോം/ബി.ബി.എ എൽ.എൽ.ബി ഫലം

കേരള സർവകലാശാല 2016 മെയിൽ നടത്തിയ ഒന്നാം സെമസ്റ്റർ പഞ്ചവത്സര ബി.എ/ബി.കോം/ബി.ബി.എ എൽ.എൽ.ബി പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## പെൻഷൻകാർ മസ്റ്റർ ചെയ്യണം

കേരള സർവകലാശാലയിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവർ ഏപ്രിൽ ഒന്ന് മുതൽ മെയ് 15 വരെ മസ്റ്റർ ചെയ്യുകയോ ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കുകയോ ചെയ്യാത്തപക്ഷം ജൂൺ മുതൽ പെൻഷൻ ലഭിക്കുന്നതല്ല. മസ്റ്റർ ചെയ്യാൻ തിരിച്ചറിയൽ രേഖ സഹിതം ഹാജരാകേണ്ടതാണ്. 2017–18 സാമ്പത്തിക വർഷം ആദായ നികുതിയുടെ പരിധിയിൽ വരുന്നവർ നികുതി കണക്കാക്കി അനുബന്ധ രേഖകൾ സഹിതം ഏപ്രിൽ 30–ന് മുമ്പ് പെൻഷൻ സെക്ഷനിൽ നൽകേണ്ടതാണ്.

## പി.എച്ച്.ഡി.എൻട്രൻസ് പരീക്ഷ

ഏപ്രിൽ രണ്ട് ഞായറാഴ്ച തിരുവനന്തപുരം കോട്ടൺഹിൽ ഗേൾസ് ഹയർസെക്കന്ററി സ്കൂളിൽ വച്ച് സർവകലാശാല നടത്തുന്ന പി.എച്ച്.ഡി.എൻട്രൻസ്–2016 പരീക്ഷയുടെ ഹാൾടിക്കറ്റുകൾ www.research.keralauniversity.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും. പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തിട്ടുള്ള പി.എച്ച്/വി.എച്ച് കുട്ടികൾ കൂടുതൽ സഹായങ്ങൾക്കായി മാർച്ച് 30–ന് മുൻപ് എസി.ബി1 സെക്ഷനിൽ രജിസ്റ്റർ നമ്പർ സഹിതം ബന്ധപ്പെടേണ്ടതാണ്. ഫോൺ: 0471–2386484.

തിരുവനന്തപുരം.
28.03.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**